(ബി) പരാതിക്കാർ ആരെന്നും പരാതികളുടെ ഉള്ളടക്കം എന്തെന്നും വെളിപ്പെടുത്തുമോ;

(സി) ഇവരുടെ കീഴിൽ കസ്റ്റഡിയിൽ എടുത്ത രാഷ്ട്രീയ പ്രവർത്തകരെ നീചവും ക്രൂരവുമായി പോലീസ് മർദ്ദിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവരെപ്പറ്റിയുള്ള ആക്ഷേപങ്ങളെപ്പറ്റി അന്വേഷണം ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(എഫ്) ഇവരുടെ പേരിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ജി) രാഷ്ട്രീയപ്രവർത്തകരെ കസ്റ്റഡിയിൽ വെച്ച് ക്രൂരമായി മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥന്മാരെ ലാ ആന്റ് ഓർഡറിൽ നിന്ന് ഒഴിവാക്കി മാതൃകാപരമായി ശിക്ഷിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ടു പരാതികൾ.

(ബി) എ.എസ്.പി.ക്കും സി.ഐ.യ്ക്കുമെതിരെ ഒരു പരാതി നൽകിയിരിക്കുന്നത് കായംകുളം പത്തിയൂർ വില്ലേജിൽ വഞ്ചിയൂർ വീട്ടിൽ ശ്രീ. ഇസ്മായിലാണ്. ടിയാനെ പീഡിപ്പിച്ചെന്നും കള്ളക്കേസിൽ കുടുക്കുന്നു എന്നും മറ്റുമാണ് പരാതി.

സി.ഐ. രാജേന്ദ്രനും കനകക്കുന്ന് എസ്.ഐ.ക്കുമെതിരെ മറ്റൊരു പരാതി നൽകിയിരിക്കുന്നത് ഇലവുങ്കൽ വീട്ടിൽ ശ്രീ.വി.രഘുനാഥാണ്. ടിയാനെ കള്ളക്കേസിൽ കുടുക്കി കസ്റ്റഡിയിൽ വച്ച് മർദ്ദിച്ച് അവശനാക്കി എന്നും മറ്റുമാണ് പരാതി.

(സി) ഇല്ല.

(ഡി,ഇ) എ. എസ്.പി. ശ്രീ. മഹിപാൽ യാദവിനെതിരെയുള്ള പരാതി ആലപ്പുഴ എസ്.പി.യും, സി.ഐ. രാജേന്ദ്രനും എസ്.ഐ.ക്കുമെതിരെയുള്ള പരാതി ഡി.സി.ആർ. ബി ഡി.വൈ. എസ്.പി.യുമാണ് അന്വേഷിച്ചു വരുന്നത്.

(എഫ്, ജി) പരാതി അന്വേഷണത്തിലാണ്.

60 (78) 'ഇലവുംതിട്ട' യിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

ശ്രീ.കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ 'ഇലവുംതിട്ട'യിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ആറൻമുള എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ദീർഘകാലമായി ജനങ്ങൾ ഉന്നയിച്ചുവരുന്ന ഇലവുംതിട്ട പോലീസ് സ്റ്റേഷൻ അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ,ബി,സി) ഇലവുംതിട്ടയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്. പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് തയ്യാറാക്കിയ മുൻഗണനാപട്ടികയിൽ ഇലവുംതിട്ടയും ഉൾപ്പെടും.

61 (79) ചെട്ടിക്കുളങ്ങര കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ

ശ്രീ.എം.മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ആലപ്പുഴ ജില്ലയിലെ മാവേലിക്കര പോലീസ് സർക്കിളിന്റെയും 'കായംകുളം' പോലീസ് സർക്കിളിന്റെയും പ്രദേശ പരിധികളിൽ വരുന്ന ചെട്ടിക്കുളങ്ങര പഞ്ചായത്തിലെ കണ്ണമംഗലം, പെരിങ്ങാല വില്ലേജുകളും സമീപപ്രദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ചെട്ടിക്കുളങ്ങര കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

62 (80) പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ഭരണച്ചുമതലകൾ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ

ശ്രീ. ജോർജ് ജെ.മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ഭരണച്ചുമതലകൾ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ;

(ബി) കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ ഭരണം, ധനകാര്യം എന്നിവ കൈകാര്യം ചെയ്യുന്ന സീനിയർ ഉദ്യോഗസ്ഥർ ആരെല്ലാമാണ്;

(സി) കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ എത്ര കാലത്തേയ്ക്കാണ് നിയമനം നടത്തിയിട്ടുള്ളത്;

(ഡി) ഇവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നിയമനം നടത്തിയതിന്റെ മാനദണ്ഡം വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly